# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറിച്ചി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി.12-2362/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/01/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറിച്ചി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎംപി.12-2362/22 തീയ്യതി: 04/01/2023

## കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 30-06-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി.സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുധാജേക്കബ്, ഓഡിറ്റ് ഓഫീസർ
അമ്പിളി എം , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സജിമോൾ വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുജാത സുശീലൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| അനിൽകുമാർ. ആർ | സെക്രട്ടറി | 01-04-2021 | 01-10-2021 |
| റ്റി.എ. ജോണി | സെക്രട്ടറി | 04-10-2021 | 02-02-2022 |
| ഗായത്രി.എസ്.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-02-2022 | 18-02-2022 |
| സുദേവി.എ.എസ് | സെക്രട്ടറി | 19-02-2022 | 31-03-2022 |
| ഗായത്രി.എസ്.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2021 | 03-10-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കൃഷ്ണകുമാർ എം.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-07-2021 |
| ഗായത്രി എസ്.വി | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 31-03-2022 |
| വിദ്യ വി | കൃഷി ഓഫീസർ | 01-04-2021 | 22-09-2021 |
| ദീപ എസ് | കൃഷി ഓഫീസർ | 29-10-2021 | 31-03-2022 |
| ഡോ അജയകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 18-04-2021 |
| ഡോ ദീപു. ഡി | വെറ്ററിനറി സർജൻ | 19-04-2021 | 31-03-2022 |
| ദീപ ഡി.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| മഹേഷ് ബാലചന്ദ്രൻ | വിഇഓ | 01-04-2021 | 24-10-2021 |
| സബിത കെ ദിവാകരൻ | വിഇഓ | 25-10-2021 | 31-03-2022 |
| ഗിരീഷ് വി | വിഇഓ | 01-04-2021 | 31-03-2022 |
| ഫൈസൽ പി.ആർ | ഹെഡ്മാസ്റ്റർ | 01-04-2021 | 12-01-2022 |
| പുഷ്പകുമാരി വി സി | ഹെഡ്മിസ്ട്രസ് | 13-01-2022 | 31-03-2022 |
| അനിപ്രിയ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 09-12-2021 |
| സജിത ജോസഫ് | ഐസിഡിഎസ് സൂപ്പർവൈസർ | 10-12-2021 | 31-03-2022 |
| ജയലക്ഷ്മി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 09-05-2021 |
| അനീഷ് സലിം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-05-2021 | 31-03-2022 |
| പ്രീതി സി | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| നിത ആലീസ് പോൾ | മെഡിക്കൽ ഓഫീസർ പിഎച്ച് സി | 01-04-2021 | 31-03-2022 |
| മിഥുൻ ജെ കല്ലൂർ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| റസിയ | കൃഷി ഓഫീസർ | 23-09-2021 | 28-10-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളുടെ അവലോകനം | 1-2 |
| 3 | സാമ്പത്തികനില | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ - വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-11 |
| 12 | വസ്തു നികുതി - തറ വിസ്തീർണ്ണത്തിൽ കൃത്യത വരുത്തേണ്ടതാണ് | 1-12 |
| 13 | വസ്തു നികുതി - ഉപയോഗക്രമത്തിൽ അവ്യക്തത | 1-13 |
| 14 | കെട്ടിട നിർമ്മാണം - പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 1-14 |
| 15 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 16 | FACTEOS ലൈസൻസ് - മോട്ടോർ ഫീ ഈടാക്കിയില്ല | 1-16 |
| 17 | FACTEOS ലൈസൻസ് - നടപടിക്രമങ്ങളിലെ നിജസ്ഥിതി ലഭ്യമായില്ല | 1-17 |
| 18 | FACTEOS ലൈസൻസ് - റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല | 1-18 |
| 19 | ഇ - ടെണ്ടർ ഫോം വില പഞ്ചായത്ത് തനത് ഫണ്ടിൽ ലഭ്യമായില്ല | 1-19 |
| 20 | ഈടാക്കിയ ബാങ്ക് സർവീസ് ചാർജ്ജ് തിരികെ ലഭ്യമായി | 1-20 |
| 21 | അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ലഭിച്ച ബ്ലോക്ക് വിഹിതം തനത് ഫണ്ടിൽ നിക്ഷേപിച്ചത് - പണമാക്കാത്ത ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-21 |
| 22 | മതിയായ തുക അടയ്ക്കാനാകാത്തതിനാൽ പ്രിന്റർ ലഭ്യമായില്ല | 1-22 |
| 23 | അഗതി രഹിത കേരളം - അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത വികസന ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു. | 1-23 |
| 24 | എസ് സി വിദ്യാർത്ഥികളുടെ വീടിന് പഠനമുറി നിർമ്മാണം- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 25 | വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് തുടങ്ങിയില്ല | 1-25 |

| | | |
|---|---|---|
| 26 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് പൂർത്തീകരിച്ച് സ്കൂൾ പ്രവർത്തന സജ്ജമാക്കേണ്ടതാണ്. | 1-26 |
| 27 | ഗ്രീൻ കുറിച്ചി ക്ലീൻ കുറിച്ചി -ഉറവിട മാലിന്യ സംസ്കരണം -കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല | 1-27 |
| 28 | ODF Plus കക്കൂസ് നിർമ്മാണം വ്യക്തിഗതം -നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല | 1-28 |
| 29 | വനിതകൾ ഗൃഹനാഥയായിട്ടുള്ളവരുടെ വീട് വാസയോഗ്യമാക്കൽ -ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-29 |
| 30 | മരുന്ന് ലഭ്യമായിട്ടില്ല | 1-30 |
| 31 | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർ നടപടികൾ ലഭ്യമായില്ല- | 1-32 |
| 33 | ഡിപിസി കെട്ടിടനിർമ്മാണം-വിഹിതം നൽകിയത്-വിനിയോഗസാക്ഷ്യപത്രമില്ല | 1-33 |
| 34 | നിക്ഷേപപ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26-02-21തീയതിയിലെ 1-നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 16768158 | 17198469 |
| വരവ് | 348630000 | 125264445 |
| ആകെ | 365398158 | 142462914 |
| ചെലവ് | 356841670 | 116580478 |
| നീക്കിയിരിപ്പ് | 8556499 | 25882436 |

ബജറ്റ് തയ്യാറാക്കുക എന്ന നിയമപരമായ ഒരു ബാധ്യത നിറവേറ്റുന്നതിന് പകരം പ്രതീക്ഷിത വരവ് ചെലവുകളും മുൻവർഷങ്ങളിലെ യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും , ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളുടെ അവലോകനം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 211325411 രൂപയും ചെലവ് 198659852 രൂപയും തൻവർഷ പ്രവർത്തന മിച്ചം 12665559 രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 110705305.53 രൂപയും ബാധ്യതകളുടെ മൂല്യം 83371162.75 രൂപയും ജനറൽ ഫണ്ട് 27334142.78 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) 320100299, 320700204, 320700304, 320700404, 320700405 ശീർഷകങ്ങളിൽ 31/03/2022 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം എ.സി.ആർ.-ൽ ലഭ്യമല്ല. B4 ഷെഡ്യൂൾ 320300199 ശീർഷകത്തിൽ വാർഷിക കണക്ക് പ്രകാരം 1366737 രൂപയാണ് നീക്കിയിരിപ്പ് . എന്നാൽ എസിആർ പ്രകാരം 1367387 രൂപയാണ് നീക്കിയിരിപ്പ്.

3.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല(B-7 ഷെഡ്യൂൾ). കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4.31/03/2022-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350800119 ശീർഷകത്തിലെ 5,000/- രൂപ , 350300108 ശീർഷകത്തിലെ 700 രൂപ എന്നിവ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ലാത്തതിനാൽ പഞ്ചായത്തിന് പ്രസ്തുത ബാധ്യത ക്രമീകരിക്കാൻ സാധിക്കുന്നില്ല.

5.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്യുന്നതിന്റെ കൃത്യത വ്യക്തമല്ല.

6.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

7.പഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി. യിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുക 31/03/2022 ലെ നീക്കിയിരിപ്പ് 6,193,058/- രൂപ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നത് നിക്ഷേപ രജിസ്റ്ററിൽ വിശദാംശമില്ല. 460100101 ഫെസ്റ്റിവൽ അഡ്വാൻസ് നീക്കിയിരിപ്പ് 12000 രൂപയുടെ വിശദാംശങ്ങൾ ലഭ്യമായില്ല.

9.ലൈസൻസ് ഫീസ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

10.350410101,350410102,350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല.

11.ജീവനക്കാരുടെ തൊഴിൽ നികുതി RP-1 പ്രകാരമുള്ള വരവ് ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. തൊഴിൽ നികുതി (ഇൻസ്റ്റിറ്റ്യൂഷൻ / ട്രേഡേഴ്സ് ) ഡി.സി.ബി കണക്കാക്കി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

12.2021-22 ലെ Uncashed Cheque കൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

13.412010101-Capiatal Work In Progress തുകയുടെ കൃത്യത പാർട്ട് ബിൽ തുകകളുടെ കണക്കുകൾ മുഖേന ബോധ്യപ്പെടുത്തിയിട്ടില്ല.

15.ലോൺ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ചിട്ടില്ല. B-4 ഷെഡ്യൂളിലെ എസിആറിൽ ആണ് ലോൺ വിവരങ്ങൾ നിലവിൽ രേഖപ്പെടുത്തുന്നത്. ലോൺ വിശദാംശങ്ങൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

16.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

17.വാർഷിക കണക്കുകൾ പ്രകാരം 61,06,334/- രൂപയാണ് 31/03/2022-ലെ നീക്കിയിരിപ്പായി കാണുന്നത്. പലിശയിനത്തിൽ 1,48,165/- രൂപ അധികമായി അക്കൗണ്ട് ചെയ്യുതുമൂലം ബാലൻസിൽ പ്രസ്തുത തുകയുടെ വ്യത്യാസം (മുൻ വർഷത്തെ റിപ്പോർട്ടിൽ നിലനിൽക്കുന്ന വ്യത്യാസം ഉൾപ്പെടെ) നിലനിൽക്കുന്നു. മുൻ വർഷത്തിലും ബാലൻസ് തുകയിൽ വ്യത്യാസം നിലനിന്നിരുന്നതിനാൽ, ആയത് ക്രമീകരിക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും, തുക ക്രമീകരിക്കാത്തതിനാൽ വ്യത്യാസം നിലനിൽക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തികനില

2021-22വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17198469 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 125264445 |
| ആകെ | 142462914 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116580478 |
| നീക്കിയിരിപ്പ് | 25882436 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4727157 |

1-4 ഫണ്ട് വിനിയോഗം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, നകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19701000 | 19701000 | 19699449 | 1551 | 99.99 |
| വികസന ഫണ്ട്-SCP | 0 | 13357000 | 13357000 | 11832533 | 1524467 | 88.58 |
| വികസന ഫണ്ട്- TSP | 0 | 193802 | 193802 | 163404 | 30398 | 84.31 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 4661862 | 4661862 | 2943498 | 1718364 | 63.13 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 9260487 | 9260487 | 3929937 | 5330550 | 42.43 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 9694775 | 9694775 | 7755598 | 1939177 | 79.99 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 7155946 | 7155946 | 4655231 | 2500715 | 65.05 |
| ശുചിത്വ മിഷൻ | 2083435 | 0 | 2083435 | 652000 | 1431435 | - |
| ICDS ഫണ്ട് | 2720180 | 1143444 | 3863624 | 2100000 | 1763624 | - |
| ജലനിധി + സുസ്ഥിരത | 1477733 | 4381172 | 5858905 | 1567980 | 4290925 | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള

അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട് അധിക അലോട്ട്മെന്റ് ലഭിച്ചില്ല. മെയിന്റനൻസ് ഗ്രാന്റ് ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 51523 രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ജി.ഒ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല.
- ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) ഫണ്ടിലുൾപ്പെടുത്തി 135/22 , കക്കൂസ് നിർമ്മാണത്തിനായി ചെലവഴിച്ച 15800 രൂപ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24.03.2022ലെ ഉത്തരവ് നം. 80898/21/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 22-01-21, 03-01-22, 19-02-22 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 18-01-22,19-01-22 |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 13-02-21 |
| വികസനസെമിനാർ | 19-02-21 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 119280096രൂപയും ആകെ ചെലവ് 67795302രൂപയുമാണ്. ചെലവ് 57%. 46 സ്പിൽഓവർ പ്രോജക്ടുകളും 160പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 206 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 156 എണ്ണം തൻവർഷം നടപ്പാക്കി. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 13നിർവ്വഹണോദ്യോഗസ്ഥരിൽ വിഇഒ , സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർക്ക് 50% ൽ താഴെയാണ് ചെലവ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 4209852 | 3902805 | 92.7 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനറി സർജൻ | 10 | 9 | 4026000 | 2195944 | 54.5 |
| എം.ഒ ( സിഎച്ച്സി) | 4 | 4 | 1300000 | 1145680 | 88.1 |
| വി ഇ ഒ | 14 | 14 | 38865736 | 14267818 | 36.7 |
| എം.ഒ (ആയുർവേദം) | 2 | 2 | 1500000 | 1500000 | 100 |
| വി ഇ ഒ | 15 | 14 | 7776000 | 4903510 | 63 |
| ഹെഡ്മാസ്റ്റർ | 11 | 9 | 2175506 | 1904386 | 87.5 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 6 | 8131700 | 7024355 | 86.4 |
| സെക്രട്ടറി | 38 | 23 | 16991223 | 11382879 | 67 |
| അസി.എൻജിനീയർ എൽ.എസ്.ജി.ഡി | 86 | 59 | 26623729 | 15665238 | 58.8 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 500000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 5151150 | 3113867 | 60.4 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 3 | 2029200 | 288820 | 14.2 |
| ആകെ | 206 | 156 | 119280096 | 67795302 | 57 |

കോവിഡ് പ്രതിസന്ധി തുടർന്ന പോന്ന കാലമായതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാൻ സാധിക്കാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

| ക്രമ നമ്പർ | ഫണ്ടിനം | ലാപ്സായ തുക |
|---|---|---|
| 1 | വികസനഫണ്ട്, പൊതുവിഭാഗം | 1551 |
| 2 | വികസനഫണ്ട്, എസ്.സി.പി | 1524467 |
| 3 | വികസനഫണ്ട്, റ്റി.എസ്.പി | 30398 |
| 4 | മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 1939177 |
| 5 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 2500715 |
| | ആകെ | 5995308 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 ലേബർ ബജറ്റ് പ്രകാരം ആകെ 993 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 218 പദ്ധതികളിൽ 197 എണ്ണം പൂർത്തീകരിച്ചു. 2021-22 വർഷം 20 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 108210 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2021-22 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 69.94 ആണ്. 1547 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ ,കിണർ നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2021-22 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷികകണക്കു പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36562303 | 36562303 | 36562303 | 0 |
| കാഷ് | 7352.50 | 1095753 | 1103105.50 | 1084945 | 18160.50 |
| ആകെ | 7352.50 | 37658056 | 37665408.5 | 37647248 | 18160.50 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 48120 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 11009600 | 705 |
| വിധവാ പെൻഷൻ | 17901400 | 1141 |
| വാർദ്ധക്യകാല പെൻഷൻ | 46297800 | 3078 |
| വികലാംഗ പെൻഷൻ | 5948300 | 389 |
| അൻപത് വയസ്സ് കഴിഞ്ഞ അവിവാഹതരുടെ പെൻഷൻ | 493200 | 31 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരിശോധന നിർവ്വഹിച്ച തീയതി/സമയം | ക്യാഷ് (Rs.) | ഡി.ഡി/ചെക്ക് | റിമാർക്ക്സ് |
|---|---|---|---|
| 09.11.2022 @ 03:13 PM | 6,062/- | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. അഡ്വാൻസ്/ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി, തൊഴിൽനികുതി എന്നിവയുടെ രജിസ്റ്ററുകളിലെ ഡിസിബി വാർഷികകണക്കുകളിലേതുമായി പൊരുത്തപ്പെടുന്നില്ല. രസീതുബുക്കുകളുടെയും സ്റ്റേഷനറികളുടെയും കമ്പ്യൂട്ടറുകളുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ട്. വൌച്ചറുകൾ കൃത്യമായി മാസം തിരിച്ച് സബ് വൌച്ചറുകളും അനുബന്ധ ഉത്തരവുകളും സഹിതം അടുക്കി സൂക്ഷിയ്ക്കുന്നുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം വളരെ ചുരുക്കം ഫയലുകളിൽ മാത്രമേ സൂക്ഷിച്ചിട്ടുള്ളൂ.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-08-22 | 12/21 - 03/22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-03-2017 | 2011-12 - 2015-16 | LBA(HQ)II/111 /ACM/KTM/2018-19 /Feb/46/07-05-19 |

## 1-11 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ - വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

സഞ്ചയ വെബ് പോർട്ടൽ പ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ വാർഡ് XI -ൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തു നികുതി കുടിശ്ശിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/നം. | മൊബൈൽ സേവനദാതാവ് | കുടിശ്ശിക കാലയളവ് | ലൈബ്രറി സെസ്സ് ഉൾപ്പെടെയുള്ള നികുതി തുക |
|---|---|---|---|
| XI/94 C | ബി.എസ്.എൻ.എൽ | 2017 (I) – 2022 (II) | 26,912/- |

സമയബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (09/16.11.2022), കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. തുക ഈടാക്കി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - തറ വിസ്തീർണ്ണത്തിൽ കൃത്യത വരുത്തേണ്ടതാണ്

സഞ്ചയ വെബ് പോർട്ടൽ പ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ സ്വാമിക്കവല വാർഡിൽ (നം. V) സ്ഥിതി ചെയ്യുന്ന 406 A നം. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ ഫാറം -VI പ്രകാരമുള്ള നികുതി നിർണ്ണയ വിശദാംശങ്ങളിൽ നിലവിലെ തറ വിസ്തീർണ്ണം 1.44 ച. മീ ആണ്. അടിസ്ഥാന വസ്തുനികുതി നിരക്കായ ച. മീറ്ററിന് 500/- രൂപ പ്രകാരം നികുതി തുക നിർണ്ണയിച്ചിട്ടുണ്ട്. സഞ്ചയ ഡാറ്റ പ്രകാരം നിലവിലെ വാർഷിക ഡിമാന്റ് തുക 663/- രൂപയാണ്. തറ വിസ്തീർണ്ണം 1.44 ച. മീ എന്ന പ്രകാരം കണക്കാക്കിയതിനുള്ള സാഹചര്യം സംബന്ധിച്ച്, ബന്ധപ്പെട്ട രേഖകൾ ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/16.11.2022) മറുപടി ലഭ്യമായിട്ടില്ല. ടി തറ വിസ്തീർണ്ണം സംബന്ധിച്ച്, സ്ഥലപരിശോധന നടത്തി ആവശ്യമെങ്കിൽ നികുതി പുനർനിർണയിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ

സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-13 വസ്തു നികുതി - ഉപയോഗക്രമത്തിൽ അവ്യക്തത

സഞ്ചയ വെബ് പോർട്ടൽ പ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ മോസ്കോ വാർഡിൽ (നം. 20) സ്ഥിതി ചെയ്യുന്ന, മാർ ഇഗ്നാത്തിയോസ് പള്ളിയുടെ ഉടമസ്ഥതയിലുള്ള 310 നം. കെട്ടിടത്തിന് ഫാറം-VI പ്രകാരം 200 ച. മീ തറ വിസ്തീർണ്ണമുള്ളതും, 'ആരാധനാലയങ്ങൾ' എന്ന ഉപയോഗക്രമത്തിൽ നികുതി ഒഴിവാക്കി നൽകിയിട്ടുമുള്ളതുമാണ്. എന്നാൽ, ടി കെട്ടിടവുമായി ബന്ധപ്പെട്ട് സഞ്ചയ ഡേറ്റാ ബേസിൽ 'പാരിഷ് ഹാൾ' എന്ന രേഖപ്പെടുത്തൽകൂടിയുണ്ട്. ഗ്രാമ പഞ്ചായത്ത് നിലവിൽ, അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ തുടങ്ങിയവയ്ക്ക്, ച. മീറ്ററിന് 20/- രൂപ പ്രകാരം വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച നിജസ്ഥിതി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/16.11.2022) മറുപടി ലഭ്യമായിട്ടില്ല. വിഷയം സംബന്ധിച്ച് പഞ്ചായത്ത് സ്ഥലപരിശോധന നടത്തേണ്ടതും സഞ്ചയയിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള 'ആരാധനാലയം' എന്ന ഉപയോഗക്രമത്തിൽ തന്നെയാണോ കെട്ടിടം നിലനിൽക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ നികുതി പുനർനിർണ്ണയം നടത്തേണ്ടതുമാണ്. നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-14 കെട്ടിട നിർമ്മാണം - പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 74 ഉപചട്ടം 1 പ്രകാരം ഉയരം 10 മീറ്ററിൽ കൂടാത്തതും 3 നില വരെയുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അധികമായി ഷീറ്റ്/ഓട് ഉപയോഗിച്ച് ടെറസിന് മുകളിൽ റൂഫിംഗ് നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള അധിക നിർമ്മിതി ടെറസിന് സംരക്ഷണം നൽകുന്നതും, എല്ലാ വശങ്ങളും തുറന്ന നിലയിലുള്ളതുമായിരിക്കണം. ഇവ ബിൽറ്റ് അപ് ഏരിയ ആയി പരിഗണിക്കുന്നില്ല എങ്കിലും, ഉപചട്ടം 2 പ്രകാരം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. ഓഡിറ്റ് വർഷം പെർമിറ്റ് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ പ്ലാൻ പ്രകാരം, ടെറസിന് മുകളിൽ അധികമായി റൂഫിംഗ് നൽകിയിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് ഈടാക്കിയതായി വ്യക്തമായിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം, ഉടമസ്ഥന്റെ പേര്, വിലാസം | ഒക്യുപ്പൻസി | ടെറസ് റൂഫിംഗ് ഏരിയ (ച.മീ) | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീ (@ 7 രൂപ/ച.മീ) |
|---|---|---|---|---|
| 1) | A4/4601 /2021/09.09.2021 ജിന്റോ. പി. ആൻഡ്രൂസ് & ജിൻസി ജോർജ്ജ് | റസിഡൻഷ്യൽ | 109.36 | 765.52/- |
| 2) | A4/4767 /2021/14.09.2021 ബിനോ തോമസ് & ബിന്ദു തോമസ് | റസിഡൻഷ്യൽ | 150.64 | 1054.48/- |
| | ആകെ തുക | | | 1820/- |

ബിൽഡിംഗ് പെർമിറ്റ് ഫീ ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/16.11.2022), കെട്ടിട

നിർമ്മാണ അനുമതിയ്ക്കായുള്ള അപേക്ഷകളിൽ 'സങ്കേതം' വെബ് പോർട്ടൽ ഡിമാന്റ് പ്രകാരമാണ് പെർമിറ്റ് ഫീ ഈടാക്കുന്നതെന്ന മറുപടിയാണ് ലഭ്യമായിട്ടുള്ളത്. മേൽ സൂചിപ്പിച്ച ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ഫയലുകൾ പുന:പരിശോധനാവിധേയമാക്കി, കുറവ് വന്നിട്ടുള്ള ഫീസ് ഈടാക്കേണ്ടതും, ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉൾപ്പെടെ ലഭ്യമാക്കി, തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി, ബന്ധപ്പെട്ട തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധവാർഷിക സ്റ്റേറ്റ്മെന്റുകൾ എന്നിവയിൽ നിന്നും വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1) | ഇളംകാവ് എൽ.പി.എസ്, മലകുന്നം, ഇത്തിത്താനം | I |
| 2) | മോഡേൺ ക്ലിനിക്കൽ ലബോറട്ടറി, കുറിച്ചി | II |
| 3) | ചിറത്തലേട്ട് ഗ്യാസ് ഏജൻസീസ് | II |
| 4) | സപ്ലൈകോ മാവേലി സ്റ്റോർ | I |
| 5) | ലിറ്റിൽ ഫ്ലവർ എൽ.പി.എസ്, ഇത്തിത്താനം | I |
| 6) | ടെക്നിക്കൽ അസിസ്റ്റന്റ്, കുറിച്ചി ഗ്രാമ പഞ്ചായത്ത് കാര്യാലയം | II |
| 7) | പാലാത്ര കൺസ്ട്രക്ഷൻസ് | I |
| 8) | ഇത്തിത്താനം ജനത സർവീസ് ബാങ്ക് | I |
| 9) | പാരഗൺ പോളിമർ പ്രോഡക്ട്സ്, ഇത്തിത്താനം | I |
| 10) | ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പഞ്ചായത്ത് പരിധിയിൽപ്പെട്ട വിവിധ അക്ഷയ കേന്ദ്രങ്ങൾ | I, II |
| 11) | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ റേഷൻ കടകൾ | I, II |
| 12) | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ | I, II |

സമയബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [08/16.11.2022] മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ നികുതി തുക ഈടാക്കി, ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സാമ്പത്തികവർഷാവസാനം, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ സംക്ഷിപ്തം പ്രത്യേകമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

### 1-16 FACTEOS ലൈസൻസ് - മോട്ടോർ ഫീ ഈടാക്കിയില്ല

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ, മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് . എന്നാൽ, ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും

മോട്ടോർ ഫീ ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സ്ഥാപനം/ വ്യവസായം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1) | XIX/360 | ശാലോം ഡയഗ്നോസ്റ്റിക് സെന്റർ | ലിജിമോൾ.പി. മാത്യു |
| 2) | III/576 | എഞ്ചിനീയറിംഗ് വർക്ക്സ് | ഷാജി മാത്യു |
| 3) | XVII/262 A1, A2 | കോൾഡ് സ്റ്റോറേജ് | റഫീക്. എം. ഐ |
| 4) | XIII/422B | കാറ്ററിംഗ് സർവീസ് & പിക്കിൾ പ്രൊഡക്ഷൻ | മോനിച്ചൻ വർഗീസ് |
| 5) | XV/85 B | ഐസ് ക്രീം സ്റ്റോക്ക് & സെയിൽ | ബീന വർഗീസ് |
| 6) | XVII/171 | ഐസ് ക്രീം സ്റ്റോക്ക് & സെയിൽ | ആൻസൺ ജോർജ്ജ് |
| 7) | XVIII/126B | സോഡ പ്രൊഡക്ഷൻ | സുനീഷ്. കെ. എസ് |

മോട്ടോർ ഫീ ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/17.11.2022) മറുപടി ലഭ്യമായിട്ടില്ല. നിയമാനുസൃതമായി മോട്ടോർ ഫീ ഈടാക്കേണ്ടിയിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്നും, ആയത് ഈടാക്കാതെ ലൈസൻസ് അനുവദിച്ച് നൽകിയ നടപടി ക്രമപ്രകാരമല്ല. നിയമാനുസൃതമായ ഫീ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള ശ്രദ്ധയുണ്ടാകേണ്ടതുമാണ്.

## 1-17 FACTEOS ലൈസൻസ് - നടപടിക്രമങ്ങളിലെ നിജസ്ഥിതി ലഭ്യമായില്ല

ഗ്രാമ പഞ്ചായത്ത് വാർഡ് - III ൽ, മന്ദിരം കവലയിൽ സ്ഥിതി ചെയ്യുന്ന ശ്രീമതി. അഞ്ചു അനീഷ് എന്നയാളുടെ ഉടമസ്ഥതയിലുള്ള ഷേണായീസ് ഫിഷ് ഹബ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം, ലൈസൻസ് ഇല്ലാത്തതിനാൽ നിർത്തിവയ്ക്കുന്നതിനായി 20.02.2021 പഞ്ചായത്തിൽ നിന്നും നോട്ടീസ് ഇഷ്യൂ ചെയ്തിരുന്നെങ്കിലും, ടി സ്ഥാപനം നോട്ടീസ് കൈപ്പറ്റിയതിനുശേഷവും തുറന്ന് പ്രവർത്തിച്ച സാഹചര്യത്തിൽ സ്ഥാപനത്തിനെതിരെ തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു. പഞ്ചായത്ത് ലൈസൻസ് ഇല്ലാതെയും, അനധികൃത കെട്ടിടത്തിലും പഞ്ചായത്ത് നോട്ടീസ് അവഗണിച്ചും പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിനെതിരെ പിഴ ചുമത്തൽ, പ്രോസിക്യൂഷൻ

നടപടികൾ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും, ടി സ്ഥാപനത്തിൽ വ്യാപാരം നിരോധിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിക്കുന്നതിനും, 09.03.2021 തീയതിയിൽ ചേർന്ന ഗ്രാമ പഞ്ചായത്ത് ഭരണസമിതി യോഗം/ തീരുമാനം നം. (1) പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്ഥാപനം പഞ്ചായത്ത് ലൈസൻസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നുണ്ടോയെന്നത്, വിഷയം സംബന്ധിച്ചുള്ള നിജസ്ഥിതി ഉൾപ്പെടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/16.11.2022) മറുപടി ലഭ്യമായിട്ടില്ല. വിഷയം സംബന്ധിച്ച്, പഞ്ചായത്ത് സ്വീകരിച്ച ലൈസൻസ് തുടർനടപടികളിലെ നിജസ്ഥിതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 FACTEOS ലൈസൻസ് - റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടിക പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.2019-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകളേയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/16.11.2022) മറുപടി ലഭ്യമായിട്ടില്ല. റേഷൻ കടകളിൽ നിന്നും നിയമാനുസൃതമായ ലൈസൻസ് ഫീ ഈടാക്കാതെ പ്രവർത്തിക്കാൻ അനുവദിച്ചത് ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ, ഗ്രാമ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉൾപ്പെട്ട റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള നിർദ്ദേശത്തോടുകൂടി നടപടി സ്വീകരിക്കേണ്ടതാണ്.

1-19 ഇ - ടെണ്ടർ ഫോം വില പഞ്ചായത്ത് തനത് ഫണ്ടിൽ ലഭ്യമായില്ല

ഓഡിറ്റ് വർഷം, കുറിച്ചി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഇ ടെൻണ്ടർ ചെയ്ത പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ / പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീ | ആകെ തുക |
|---|---|---|---|---|
| 1 | CMLRRP- ലൗലി ലാൻഡ് ചാമപ്പറമ്പ് റോഡ് | 2 | 3304 | 6608 |
| 2 | വില്ലേജ് പടി - സചിവോത്തമപുരം റോഡ് പുനരുദ്ധാരണം (വാർഡ് 5) | 2 | 1340 | 2680 |
| 3 | 67/22 - എണ്ണയ്ക്കച്ചിറ തയ്യിൽമുക്ക് റോഡ് (വാർഡ് 15, 17) | 1 | 1652 | 1652 |
| 4 | 65/22 - എണ്ണയ്ക്കച്ചിറ കുട്ടൻചിറ റോഡ് നിർമ്മാണം (വാർഡ് 4) | 2 | 2832 | 5664 |
| 5 | 72/22- അംഗൻവാടികൾക്ക് പെയിന്റിംഗ് | 3 | 1605 | 4815 |
| 6 | 96/22 - പഞ്ചായത്ത് കോൺഫ്രൻസ് | 1 | 1416 | 1416 |

| | | | | |
|---|---|---|---|---|
| | ഹാൾ നവീകരണം | | | |
| 7 | 183/22 - വെട്ടിത്താത്തവഴി കേളൻ കവല റോഡ് റീടാറിംഗ് (വാർഡ്- 7,8,14) | 1 | 3068 | 3068 |
| 8 | 189/22 - എം.സി.എഫ് കെട്ടിടം അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 2 | 2015 | 4030 |
| 9 | 43/22 - കുതിരപ്പടി കല്ലുങ്കടവ് റോഡ് മെയിന്റനൻസ് (വാർഡ് 10) | 1 | 2006 | 2006 |
| | ആകെ തുക | | | 31,939/- |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ബന്ധപ്പെട്ട അകൗണ്ടിലേയ്ക്ക് (A/c No. 37705475369, SBI-കുറിച്ചി) ലഭ്യമായെങ്കിലും, പഞ്ചായത്ത് തനത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ഫാറം വില പഞ്ചായത്ത് തനത് ഫണ്ടിലേക്കും, ജി.എസ്.റ്റി അതിന്റെ ശീർഷകത്തിലും ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ഈടാക്കിയ ബാങ്ക് സർവീസ് ചാർജ്ജ് തിരികെ ലഭ്യമായി

ഗ്രാമ പഞ്ചായത്തിന്റെ പേരിൽ നിലവിലുള്ള കാനറാ ബാങ്ക് തനത് ഫണ്ട് അകൗണ്ടിൽ നിന്നും, "പോയിന്റ് ഓഫ് സെയ്ൽ" [PoS] മെഷിൻ ചാർജ്ജ്, റെന്റ് എന്നീ ഇനങ്ങളിൽ, ബാങ്ക് സർവീസ് ചാർജ്ജ് ഈടാക്കിയിട്ടുള്ളതായി, വിവിധ അകൗണ്ടുകളിൽ നിന്നുമുള്ള പണം പിരിവ്, ഒടുക്ക്, പിൻവലിക്കൽ എന്നിവയുടെ പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം/വർഷം | തുക പിൻവലിക്കപ്പെട്ട തീയതി | തുക | ബാങ്ക് സർവീസ്/കാലയളവ് |
|---|---|---|---|
| 07/2021 | 29.07.2021 | 649/- | പി.ഒ.എസ് റെന്റ് (06/2021) |

ബാങ്ക് സർവീസ് ചാർജ്ജ് ഇനത്തിൽ ടി തുക ഈടാക്കാനുണ്ടായ സാഹചര്യം, അതിന്മേൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി സഹിതം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (07/16.11.2022) നൽകിയ സാഹചര്യത്തിൽ, പഞ്ചായത്ത് ബാങ്കിന് രേഖാമൂലം കത്ത് നൽകുകയും, 18.11.2022 തീയതിയിൽ ടി തുക ബന്ധപ്പെട്ട അകൗണ്ടിൽ റിവേഴ്സ് ചെയ്ത് ക്രെഡിറ്റായതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ലഭിച്ച ബ്ലോക്ക് വിഹിതം തനത് ഫണ്ടിൽ നിക്ഷേപിച്ചത് - പണമാക്കാത്ത ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കുന്ന വാർഡ് 9-160-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ലഭിച്ച ബ്ലോക്ക് വിഹിതം 250000- രൂപ 26/11/2016 ൽ തനത്ഫണ്ടിൽ നിക്ഷേപിച്ചു. പ്രസ്തുത തുക സ്പെഷ്യൽ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും പിൻവലിക്കുന്നതിനായി 021551/04-11-20 നമ്പർ ചെക്ക് കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിൽ

നൽകി. എന്നാൽ ടി തുക അക്കൗണ്ടിൽ നിന്നും പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിയാതെ വന്നു. പ്രസ്തുത ചെക്ക് തിരികെ പഞ്ചായത്തിന് നൽകി എന്നാണ് കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ 31/05/22 ലെ കത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ചെക്ക് പരിശോധനയ്ക്ക് ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കാത്തതിനാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം . 24/18.11.22) ചെക്ക് മടക്കി നൽകിയിട്ടില്ല എന്ന് പ്രസ്തുത കാലയളവിലെ അക്കൗണ്ടന്റ് അറിയിച്ചു. ബ്ലോക്ക് വിഹിതം തനത് ഫണ്ടിൽ ഉടരുന്ന എന്ന അനുമാനത്തിൽ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി 91,583 രൂപ നാളിതുവരെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പണമാക്കാത്ത ചെക്ക് ബാങ്കിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്ത പക്ഷം ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച വിവരവും ലഭ്യമാക്കേണ്ടതാണ്.

1-22 മതിയായ തുക അടയ്ക്കാനാകാത്തതിനാൽ പ്രിന്റർ ലഭ്യമായില്ല

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ കൃഷി ഭവനിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ (നം.215/22) പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം-ൽ നിന്നും 79594- രൂപയും (ബിൽ നം 7/21-22/19-02-22) തനതുഫണ്ടിൽനിന്ന് 12953-രൂപയുമായി (ചെക്ക് നം .0581464/26-03-22) ആകെ 92574- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. കെൽട്രോണിൽ നിന്നുള്ള പ്രൊഫോമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 79594- രൂപ 2 കമ്പ്യൂട്ടറുകൾക്കായും 12953- രൂപ പ്രിന്ററിന് വേണ്ടിയുമാണ് ചെലവഴിച്ചിരിയ്ക്കുന്നത്. കമ്പ്യൂട്ടറുകൾ വന്നത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ക്യാഷ് ഇൻവോയ്സ് ഇല്ലാത്തതിനും പ്രിന്റർ സ്റ്റോക്ക് രജിസ്റ്ററിലില്ലാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.2/11.11.2022) വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ CPRCS സൈറ്റിൽ നിന്ന് സാധിച്ചിരുന്നില്ലെന്നും നിലവിൽ അടച്ച തുകയേക്കാൾ കൂടിയ വിലയ്ക്കുള്ള പ്രിന്ററേ സൈറ്റിലുള്ളുവെന്നും കൂടുതൽ തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ പ്രിന്റർ ലഭ്യമായിട്ടില്ല എന്നുമാണ്. അടച്ച തുക റീഫണ്ട് ചെയ്യാമെന്ന് കെൽട്രോണിൽ നിന്നറിയിച്ചിട്ടുള്ളതായും മറുപടിയിൽ സൂചിപ്പിച്ചിരിയ്ക്കുന്നു. തുക കെൽട്രോണിൽ നിന്നീടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്. അതുവരെ പ്രിന്ററിനായി ചെലവഴിച്ച 12953- രൂപ തടസ്സപ്പെടുത്തുന്നു.

1-23 അഗതി രഹിത കേരളം - അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത വികസന ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 240/22 |
| ചെലവ് | 1,00,000 ( വികസന ഫണ്ട് (പൊതുവിഭാഗം)) |
| ബിൽ നം | 13/22/22.01.22 |
| നിർവ്വഹണം | അസി.സെക്രട്ടറി |

ഭവനപുനരുദ്ധാരണത്തിനായി ഒരു ലക്ഷം രൂപ 22/01/22 ൽ അഗതി രഹിത കേരളത്തിന്റെ സി.ഡി.എസ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട് (കാനറാ ബാങ്ക് . അക്കൗണ്ട് നം. 6499101001318) ആയത് നാളിത് വരെ ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം . 4/ 14.11.22 ന് മറുപടി നൽകിയില്ല. അഗതി കുടുംബങ്ങളുടെ ഭവനപുനരുദ്ധാരണത്തിനായി തുക ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേയ്ക്ക് തിരികെ അടവാക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.

1-24 എസ് സി വിദ്യാർത്ഥികളുടെ വീടിന് പഠനമുറി നിർമ്മാണം- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| പ്രോജക്റ്റ് നം | 178/22 ( സ്പിൽ ഓവർ) |
| അടങ്കൽ | 900000 (Scp) |
| ചെലവ് | 742496 ( എസ് സി പി ) |
| ബിൽ നം | 01/22.10.21 |

പഠനമുറി നിർമ്മാണത്തിനായി ഒരു വിദ്യാർത്ഥിക്ക് രണ്ട് ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്. ആകാശ് ബാബു S/o ജയശ്രീ,ആനക്കുഴിയിൽ എന്ന വിദ്യാർത്ഥി 23/02/21 , 26.10.21 തീയതികളിലായി ആകെ ഒരു ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വാല്യുവേഷൻ സർട്ടിഫിക്കറ്റും പ്രോജക്റ്റ് ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. പഠനമുറി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന് 1/10.11.22 എൻക്വയറിയ്ക്ക് മറുപടി നൽകി. പ്രവൃത്തി പൂർത്തീകരണം വരെ 2021-22 ൽ ചെലവഴിച്ച 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് തുടങ്ങിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ- തൊഴിലുറപ്പ് പദ്ധതി ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രോ.നം 209/22) പദ്ധതി പ്രകാരം തനതുഫണ്ടിൽ നിന്നും 97500- ( Ch No.0581436/25-11-21 പ്രകാരം 77482/- രൂപയും Ch No. 0581437/25-11-21 പ്രകാരം 20018- രൂപയും ) ചെലവഴിച്ച് 2 കമ്പ്യൂട്ടറും ഒരു പ്രിന്ററും കെൽട്രോണിൽ നിന്ന് വാങ്ങി. ഇവ സ്റ്റോക്കിൽ ചേർക്കുകയും പ്രിന്റർ ഉപയോഗിച്ച് തുടങ്ങുകയും ചെയ്തുവെങ്കിലും പ്രത്യേകം ഓഫീസ് മുറി ലഭിയ്ക്കാത്തതിനാൽ കമ്പ്യൂട്ടറുകൾ നിലവിൽ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരിരിയ്ക്കുന്ന കൌൺസിൽ ഹാളിൽ ഉപയോഗിയ്ക്കാതെ മാറ്റി സൂക്ഷിച്ചിരിയ്ക്കുന്നു. നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/16.11.2022 ) സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയത് ഹാജരാക്കി. ഓഫീസ് സജ്ജമാക്കി കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് തുടങ്ങുന്നതുവരെ ആകെ ചെലവ് തുകയിൽ കമ്പ്യൂട്ടറുകൾക്കായി ചെലവഴിച്ച 77482- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്റ്റ് പൂർത്തീകരിച്ച് സ്കൂൾ പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രോജക്റ്റ് നം | 32/22 |
| ചെലവ് | 587462 ( കുടുംബശ്രീ ചലഞ്ച് ഫണ്ട് ) |
| ചെക്ക് നം | 0581463/25.03.22 |

കുടുംബശ്രീ ചലഞ്ച് ഫണ്ട് ആയി ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി ലഭിച്ച 2250000 രൂപയിൽ നിന്നും 587462 രൂപ 2021-22 ൽ കെൽട്രോണിൽ നിന്നും ശിശു സൗഹൃദ ഉപകരണങ്ങൾ വാങ്ങാൻ ചെലവഴിച്ചു. ആകെയുള്ള 92 ഇനം ഉപകരണങ്ങളിൽ Rainbow Colour Board , Ladder എന്നിവ നാളിതു വരെ ലഭിച്ചിട്ടില്ല. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് വിവരം ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.1/10.11.2022 ന് മറുപടി നൽകി. ഉപകരണങ്ങൾ ലഭ്യമാക്കുവാനും ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിയ്ക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ഗ്രീൻ കുറിച്ചി ക്ലീൻ കുറിച്ചി -ഉറവിട മാലിന്യ സംസ്കരണം -കരാർ വ്യവസ്ഥകൾ പാലിക്കുന്നില്ല

| പ്രോജക്റ്റ് | അടങ്കൽ | | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| നം. S0125/22 | | ബിൽ നം.& തീയതി | തുക |
| | 6,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 347/16.03.2022 | 6,00,000 |
| | 1,00,000 ( ഗുണഭോക്തൃ വിഹിതം ) | | 1,00,000 |
| | 300000(മറ്റുള്ളവ) | | 3,00,000 |

1. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിനായി 1000000/- രൂപ ചെലവഴിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ കുറിച്ചി ഗ്രാമപഞ്ചായത്തിനുവേണ്ടി VEO യും സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷനുവേണ്ടി പ്രോഗ്രാം ഓഫീസറും തമ്മിൽ 2021 ഒക്ടോബർ 25-ാം തീയതി ഒപ്പുവച്ച കരാർ ഉടമ്പടി പ്രകാരം ബക്കറ്റ് കമ്പോസ്റ്റ് നൽകേണ്ട ഗുണഭോക്താക്കളുടെ മീറ്റിംഗ് പഞ്ചായത്ത്/ ഗുണഭോക്തൃ സമിതി വിളിച്ചുകൂട്ടേണ്ടതും ഗുണഭോക്താക്കൾക്ക് ബക്കറ്റ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും സംബന്ധിച്ച് പരിശീലനം കൊടുക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം പരിശീലനം നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ടി പദ്ധതി എഗ്രിമെന്റ് വച്ച് 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ് എന്ന് കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ സമയപരിധിയ്ക്കുള്ളിൽ ഇത് പൂർത്തീകരിച്ചിട്ടില്ല. സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷൻ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് 14.03.2022 ലാണ്. കൂടാതെ മേൽ സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ സ്വീകരിക്കേണ്ട നടപടികൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സമയപരിധിയ്ക്കുള്ളിൽ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3. ശുചിത്വ മിഷൻ ജില്ലാ കോ -ഓർഡിനേറ്ററുടെ 09.08.2021 -ലെ 2025 -TS-192-2021-DSM-KTM ലെ കത്ത് പ്രകാരമുള്ള നിബന്ധനകളിൽ ഉൾപ്പെട്ട ശുചിത്വ മിഷൻ ഇവാല്യവേഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അതേ സ്റ്റാൻഡേർഡിലും സ്പെസിഫിക്കേഷനിലും പ്ലാന്റിൽ ബക്കറ്റ് കംപോസ്റ്റ് സ്ഥാപിച്ചതായി പൂർത്തീകരണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. പൂർത്തീകരണ റിപ്പോർട്ട് അപാകത പരിഹരിച്ച് ഹാജരാക്കേണ്ടതാണ്.

4.പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി സംബന്ധിച്ച മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. മേൽ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

5.പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതിയുമായി ബന്ധപ്പെട്ട ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റും ഗുണഭോക്തൃ പട്ടികയും ശുചിത്വ മിഷനിൽ സമർപ്പിച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

6.ഈ പദ്ധതി നടപ്പിലാക്കിയത് ശുചിത്വ മിഷന്റെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തിയാണെന്ന് തെളിയിക്കുന്ന സ്റ്റിക്കർ അല്ലെങ്കിൽ ബോർഡ് പതിപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 17.11.2022 ലെ 18-ാം നമ്പർ എൻക്വയറി നൽകിയതിന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

## 1-28 ODF Plus കക്കൂസ് നിർമ്മാണം വ്യക്തിഗതം -നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

1)പ്രോജക്ട് നം.135/22 (ഒഡിഎഫ് പ്ലസ് – കക്കൂസ് നിർമ്മാണം – പൊതുവിഭാഗം)

അടങ്കൽ:-585200വികസനഫണ്ട്( ധനകാര്യ കമ്മീഷൻ അവാർഡ് പ്രത്യേക ഉദ്ദേശ ഗ്രാന്റ്)

ചെലവ്:-138600

| ബിൽ നം& തീയതി | തുക |
|---|---|

| | |
|---|---|
| 9 -29.10.21 | 30800 |
| 10-29.10.21 | 30800 |
| 12-15.11.21 | 15400 |
| 17-16.11.21 | 15400 |
| 37-27.01.22 | 15400 |
| 40-16.02.22 | 15400 |
| ആകെ | 138600 |

2)പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ODFplus ന്റെ ഭാഗമായി കക്കൂസ് നിർമ്മാണം.

പ്രോജക്ട് നം:- 137/22ചെലവ് -15400(തനതുഫണ്ട്)

| ബിൽ നം& തീയതി | തുക |
|---|---|
| ചെക്ക് നം. 113502/31.03.22 | 12000 |
| ചെക്ക് നം. 113501/31.03.22 | 3400 |
| ആകെ | 15400/- |

സർക്കുലർ നമ്പർ നം.ഡി.എ1/72/2019/ത.സ്വ.ഭ.വ തീ.23.02.2019 പ്രകാരം കൊച്ചി കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ODF ആയി പ്രഖ്യാപിച്ചതിനുശേഷവും തദ്ദേശഭരണസ്ഥാപനങ്ങൾ ഈ പ്രോജക്ട് ഏറ്റെടുത്ത് നടത്തുന്നതിനാലും മാർഗ്ഗരേഖയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും പ്രോജക്ടിനോടൊപ്പം ഇതിന്റെ ആവശ്യകത മറ്റു വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച് ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്ററുടെ റിപ്പോർട്ടും ഉൾപ്പെടെ നൽകി കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ കോ ഓർഡിനേഷൻ കമ്മറ്റിയുടെ അനുമതി ലഭ്യമായതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 21/18.11.22) മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രോജക്ട് നടപ്പാക്കുമ്പോൾ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-29 വനിതകൾ ഗൃഹനാഥയായിട്ടുള്ളവരുടെ വീട് വാസയോഗ്യമാക്കൽ -ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം.49-22

അടങ്കൽ:-6,00,000 വികസനഫണ്ട് എ്.സി.പി)

ചെലവ്:-6,00,000

| ബിൽ നം.& തീയതി | തുക |
|---|---|
| 5-23.10.21 | 75000 |
| 7-29.1021 | 75000 |
| 16-16.11.21 | 75000 |
| 23-12.12.21 | 25000 |
| 28-23.12.21 | 75000 |
| 35-12.01.22 | 75000 |
| 36-12.01.22 | 31722 |
| 41-16.02.22 | 30,000 |
| 45-03.03.2 | 68278 |
| 50-21.03.22 | 70,000 |

| | |
|---|---|
| ആകെ | 6,00,000 |

മേൽ പ്രോജക്റ്റ് പരിശോധിച്ചതിൽ 1,63,278 രൂപയുടെ ചെലവുരേഖകൾ മാത്രമേ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളൂ. ബാക്കി 4,36,722 രൂപയുടെ ചെലവു രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 23/18.11.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 4,36,722 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 മരുന്ന് ലഭ്യമായിട്ടില്ല

സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നു വാങ്ങുന്നതിനായി തുക ചെലവഴിച്ചുവെങ്കിലും നാളിതുവരെ മരുന്നു ലഭ്യമായിട്ടില്ല.

| പ്രോ നം./പേര് | 246/22 സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 37/22 സചിവോത്തമപുരം സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
|---|---|---|
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം – 2,00,000 | വികസനഫണ്ട് (ജനറൽ)- 4,00,000/- |
| ചെലവ് | 2,00,000 | 4,00,000 |
| ബിൽ നം. | Project Bill (246)/26.03.22 | Medical Purchase/17.11.2022 |

മരുന്നുകൾ ലഭിച്ച് വിശദാംശങ്ങൾ ഹാജരാക്കുന്നതുവരെ ആകെ ചെലവഴിച്ച 600000- രൂപ തടസ്സപ്പെടുത്തുന്നു.

1-31 ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ആയുർവേദ മെഡിക്കൽ ഓഫീസർ
പ്രോജക്ടിന്റെ പേര്, നമ്പർ :- ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ, S05/22

| അടങ്കൽ | ചെലവ് | ബിൽ നം & തീയതി |
|---|---|---|
| 11,00,000 മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 5,00,000 | 1-22.10.21 |
| | 4,00,000 | 2-22.10.21 |
| | 2,00,000 | 3-22.10.21 |

ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന് പ്രോജക്ടിൽ ഉൾപ്പെടുത്തി ജില്ലാ ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിയ്ക്ക് കോർ ബാങ്കിംഗ് മുഖേന 11 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഔഷധിയിൽ നിന്നുള്ള കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടുണ്ടെങ്കിലും മേൽ അവയിലബിലിറ്റി സർട്ടിഫിക്കറ്റുകളിൽ ഇൻഡന്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഇൻഡന്റിന്റെ പകർപ്പുകളും ഫയലിൽ ലഭ്യമല്ല. ഔഷധിയിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് ലഭ്യമായിട്ടുണ്ട്. എന്നാൽ ഇൻഡന്റ് പരിശോധനയ്ക്കായി ലഭ്യമാകാത്തതിനാൽ ആവശ്യമായ മരുന്നുകൾ ആവശ്യമായ അളവിൽ ആണോ പ്രൊഫോർമ ഇൻവോയ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് പരിശോധിക്കാൻ കഴിയില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വഷണക്കുറിപ്പിന് (നം. 22/18.11.2022) മറുപടി ലഭ്യമായില്ല.

മേൽ പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ ലഭ്യമാകുമ്പോൾ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് Original Invoice ൽ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 11,00000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർ നടപടികൾ ലഭ്യമായില്ല-

ചുവടെ കൊടുത്തിരിക്കുന്ന കമ്മിറ്റി തീരുമാനങ്ങളിൻമേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ 20-ാംനമ്പർ അന്വേഷണക്കുറിപ്പിലൂടെ ആരാഞ്ഞിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1. 2(1)/21-04-21- മഴക്കാല പൂർവ്വ ശുചീകരണം- 20 വാർഡുകൾക്ക് തനതുഫണ്ടിൽ നിന്ന് 200000 - ( 10000*20 ) അനുവദിച്ച നടപടി സാധൂകരിച്ച തീരുമാനിച്ചു.കൂടുതൽ തുക ആവശ്യമാകുന്ന പക്ഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഒരു വാർഡിന് പരമാവധി 25000- എന്ന നിരക്കിൽ നൽകുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
2. 2(2)/01-06-21- മഴക്കാല പൂർവ്വ ശുചീകരണം- നൽകിയ തുകയ്ക്ക് പുറമെ 10000- രൂപ കൂടി നൽകുവാൻ തീരുമാനിച്ചു.
3. 1(5)/15-07-21- നിലാവ് പദ്ധതിയുടെ ഭാഗമായി ലൈറ്റുകൾ സ്ഥാപിക്കുമ്പോൾ പോസ്റ്റുകളിൽ നിന്നും എടുക്കുന്ന സ്ക്രാപ്പുകൾ HW UPS ന്റെ ഉപയോഗമില്ലാത്ത പഴയ ക്ലാസ്സ് മുറിയിൽ സൂക്ഷിക്കുന്നതിന് തീരുമാനിച്ചു.
4. 4(1)/30-09-21 – CFLTC പ്രവർത്തനം നിലവിലുള്ള കെട്ടിടത്തിൽ അവസാനിപ്പിച്ചത് കൊണ്ട് CFLTC യിൽ വാങ്ങിയ സാധനങ്ങൾ സിഎച്ച് സിയിൽ സൂക്ഷിക്കുന്നതിന് തീരുമാനിച്ചു.
5. 2(1)/15-11-21- ബഹു ഹൈക്കോടതിയുടെ 02-09-21 ലെ RSA/85/20 നം വിധിയിന്മേൽ ഭരണസമിതിയുടെ മുൻ തീരുമാനപ്രകാരം നിയമോപദേശം തേടിയതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി വിധിയിന്മേൽ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് തീരുമാനിച്ചു. തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രസിഡന്റിനെയും സെക്രട്ടറിയെയും ചുമതലപ്പെടുത്തി തീരുമാനിച്ചു.

## 1-33 ഡിപിസി കെട്ടിടനിർമ്മാണം-വിഹിതം നൽകിയത്- വിനിയോഗസാക്ഷ്യപത്രമില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഡിപിസി കെട്ടിടനിർമ്മാണം-വിഹിതം നൽകൽ ( നം. 195/22 ) പദ്ധതിയിൽപ്പെടുത്തി വികസനഫണ്ടിൽ നിന്നും 250000- (ബിൽ നം.17/20-11-21) കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. കൈപ്പറ്റ് വിവരമോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാകാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-34 നിക്ഷേപപ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ – വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതിക്ക് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ വിഹിതം അടവാക്കൽ- പദ്ധതി (199/22) പ്രകാരം വികസനഫണ്ടിൽ നിന്നും 49000- (Bill No25/24-03-22) രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 21,51,000 - ( Bill No.361/19-03-22 ) രൂപയുമായി ആകെ 22,00,000- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിനിയോഗവിവരം ലഭ്യമാക്കുന്നതു വരെ 22,00,000- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക, പഞ്ചായത്ത് ഭരണസമിതിയുടെ 04.06.2022-ലെ 5 (1) നം. തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് വെബ് പോർട്ടൽ മുഖേനയും സെക്രട്ടറിയുടെ 30.08.2022 ലെ AO-646/2022 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. വാർഷിക ധനകാര്യ പത്രിക 16.11.2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31.03.2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 പ്രകാരം ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം, സംയുക്ത പ്രോജക്ടുകൾക്കായി പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 2021-22 | 5,00,000/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ബത്ത ഡ്രസ്സ് അലവൻസ് പഠനസാമഗ്രികളും ഉല്ലാസയാത്ര ചെലവും (14/22) | 5,00,000/- |
| | 2021-22 | 4,00,000/- | ലൈഫ് മിഷൻ (SC) ഭവന പദ്ധതി (46/22) | 4,00,000/- |
| | 2021-22 | 12,00,000/- | ലൈഫ് മിഷൻ (ജനറൽ) ഭവന പദ്ധതി (45/22) | 12,00,000/- |
| | 2021-22 | 2,00,000/- | കരിക്കണ്ടം കുടിവെള്ള പദ്ധതി പൂർത്തീകരണം | 2,00,000/- |

| | | | | |
|---|---|---|---|---|
| | | | (147/22) | |
| | | | ആകെ | 23,00,000/- |
| ജില്ല പഞ്ചായത്ത്, കോട്ടയം | 2021-22 | 5,00,000/- | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ബത്ത ഡ്രസ്സ് അലവൻസ് പഠനസാമഗ്രികളും ഉല്ലാസയാത്ര ചെലവും (14/22) | 5,00,000/- |
| | 2021-22 | 5,70,000/- | ലൈഫ് മിഷൻ (SC) ഭവന പദ്ധതി (46/22) | 5,70,000/- |
| | 2021-22 | 24,40,000/- | ലൈഫ് മിഷൻ (ജനറൽ) ഭവന പദ്ധതി (45/22) | 24,40,000/- |
| | 2021-22 | 1,60,000/- | ലൈഫ് മിഷൻ (ST) ഭവന പദ്ധതി (225/22) | 1,60,000/- |
| | | | ആകെ | 36,70,000/- |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പദ്ധതിയ്ക്ക് ഭൂജല വകുപ്പിന് വിഹിതം അടവാക്കൽ (199/22) | 22,00,000/- | 0 | വിനിയോഗ വിവരം ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം, ഓഡിറ്റ് വർഷം സ്ഥാപനത്തിന് ലഭിച്ചിട്ടുള്ള വായ്പയുടെയും, തിരിച്ചടച്ചതിന്റേയും, വർഷാവസാനം തിരിച്ചടയ്ക്കുവാൻ ശേഷിക്കുന്ന വായ്പ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/ 18.5.2018 | 60,12,000/- | 7,60,000/- | 10,56,000/- | - | 57,16,000/- |

സെക്രട്ടറിയുടെ 251/22 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 5,04,000/- രൂപയും, 255/22 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 4,10,667/- രൂപയും, 253/22 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ (എസ്.സി.എസ്.പി) നിന്നും 90,000/- രൂപയും, 256/22 നം. പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ (എസ്.സി.എസ്.പി) നിന്നും 51,333/- രൂപയും ഉൾപ്പെടെ ആകെ, 10,56,000/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്.

ഓഡിറ്റ് വർഷം, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവുമായി ബന്ധപ്പെട്ട് സർക്കാർ, ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർക്കാർ ഉത്തരവ് നം./ തീയതി | ഫണ്ട് ഇനം | | |
|---|---|---|---|---|
| | | GENERAL | SCSP | TSP |
| 1) | G.O (Rt) 3367/2021/fin/07.04.2021<br>2021-22 (ഒന്നാം ഗഡു) - ഏപ്രിൽ 2021 | 0 | 0 | 0 |
| 2) | G.O (Rt) 5206/2021/fin/30.07.2021<br>2021-22 (രണ്ടാം ഗഡു) - ആഗസ്റ്റ് 2021 | 4,10,667 | 51,333 | 0 |

| | | | | |
|---|---|---|---|---|
| 3) | G.O (Rt) 22/2022/fin/01.01.2022<br>2021-22 (മൂന്നാം ഗഡു) - ഡിസംബർ 2021 | 5,04,000 | 90,000 | 0 |
| | ആകെ | 9,14,667/- | 1,41,333/- | 0 |

വായ്പ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഓരോ സാമ്പത്തിക വർഷത്തേയും വായ്പ സംബന്ധിച്ചുള്ള സംക്ഷിപ്തം, സെക്രട്ടറി സാക്ഷ്യപ്പെടുത്തി, വായ്പ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഓഡിറ്റ് വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55,50,468/- |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 4,07,701/- |
| ആകെ | 59,58,169/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31.03.2022-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 59,58,169/- |

വാർഷിക കണക്കുകൾ പ്രകാരം 61,06,334/- രൂപയാണ് 31/03/2022-ലെ നീക്കിയിരിപ്പായി കാണുന്നത്. പലിശയിനത്തിൽ 1,48,165/- രൂപ അധികമായി അക്കൌണ്ട് ചെയ്തതുമൂലം ബാലൻസിൽ പ്രസ്തുത തുകയുടെ വ്യത്യാസം (മുൻ വർഷത്തെ റിപ്പോർട്ടിൽ നിലനിൽക്കുന്ന വ്യത്യാസം ഉൾപ്പെടെ) നിലനിൽക്കുന്നു. മുൻ വർഷത്തിലും ബാലൻസ് തുകയിൽ വ്യത്യാസം നിലനിന്നിരുന്നതിനാൽ, ആയത് ക്രമീകരിക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും, തുക ക്രമീകരിക്കാത്തതിനാൽ വ്യത്യാസം നിലനിൽക്കുന്നു.അധികമായി അക്കൌണ്ട് ചെയ്ത തുക തുടർവർഷം ക്രമീകരിച്ച് 420800101-Investments-Fixed Deposits ശീർഷകത്തിലെ നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതും, അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. നിക്ഷേപ മൂല്യം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | FD അക്കൗണ്ട് നം. | തുക |
|---|---|---|
| കുറിച്ചി എസ്.സി.ബി. (എഫ്.ഡി.1) | 0120000000034 | 75,922/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 2) | 0202000008409 | 9,37,403/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 3) | 0102000007481 | 4,49,722/- |

| | | |
|---|---|---|
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 4) | 0120000004470 | 15,73,840/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 5) | 0120000001886 | 9,66,568/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 6) | 0120000001084 | 19,54,714/- |
| | ആകെ | 59,58,169/- |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ, വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട തുകയുമായി വ്യത്യാസം നിലനിൽക്കുന്നു. സ്ഥാപനത്തിൽ പരിപാലിക്കുന്ന ഓഡിറ്റ് റിക്കവറി രജിസ്റ്ററിലെ വിശദാംശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2020-2021 | - | 3650/- | ദീപ. ഡി. റ്റി<br>അസി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി | 121010102709/ 29.11.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 (ചെലവ്) | 2-5 | 2006-07 | 3-33-1 | നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം - തുക വകമാറ്റി ചെലവഴിച്ചു -1.2 | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | ലക്ഷം പാഴായി | |
| 1999-00 | 2(എ) | 2002-03 | 5-10(1) | രസീത് മുഖേന പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയില്ല | |
| 2016-17 | 3-1 | 2017-18 | 1-5-4 | സ്ട്രീറ്റ് മെയിൻ വൈദ്യുതമീറ്റർ സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | : 14,24,62,914/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 11,65,80,478/- |
| വരവിനങ്ങളിലുള്ള നഷ്ടം | : |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 47,27,157 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 12953 | ദീപ എസ്, കൃഷി ഓഫീസർ |
| 1-24 | 50000 | ഗായത്രി എസ്.വി, അസി. സെക്രട്ടറി |
| 1-25 | 77482 | റ്റി.എ ജോണി, സെക്രട്ടറി |
| 1-29 | 436722 | ഗിരീഷ് വി, വി.ഇ.ഒ |
| 1-30 | 600000 | നിത ആലീസ് പോൾ, മെഡിക്കൽ ഓഫീസർ |
| 1-31 | 1100000 | മിഥുൻ ജെ കല്ലൂർ, ആയുർവേദ മെഡിക്കൽ ഓഫീസർ |
| 1-33 | 250000 | റ്റി.എ ജോണി, സെക്രട്ടറി |
| 1-34 | 2200000 | സുദേവി എസ്, സെക്രട്ടറി |
| ആകെ | 4727157 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും, മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ/ഖണ്ഡികകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.04.1997to30.4.1998 ജനകായാസൂത്രണം | എൽ.എഫ്.കെ.പി.8-482/00/8.12.2000 | - |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി11/331/14(1) /07.06.2014 | 17 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി11/330/14/31.05.2014 | 1 |
| 1999-00(വരവ്) | എൽ.എഫ്.കെ.പി.8/1653 /07/05.12.2008 | 5 |
| 2000-01 | എൽ.എഫ്.കെ.പി11/331/14(3) /04.06.2014 | 2 |
| 2001-02 | എൽ.എഫ്.കെ.പി11/331/14(4) /04.06.2014 | 4 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 7 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1427(1)/22/25.08.22 | 2 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1427(2)/22/25.08.22 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1427(3)/22/25.08.22 | 4 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1427(4)/22/25.08.22 | 4 |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1427(5)/22/25.08.22 | 8 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1427(6)/22/25.08.22 | 4 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1593(1)/22/25.08.22 | 5 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1593(2)/22/25.08.22 | 2 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1593(3)/22/25.08.22 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2022)/1593(4)/22/25.08.22 | 11 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി12-76/19 /25.06.2019 | 26 |
| 2017-18 | കെ.എസ്.എ.- കെ.ടി.എം.പി12-1593(6)/22/03.10.22 | 18 |
| 2018-19 | കെ.എസ്.എ.- കെ.ടി.എം.പി12-1741(1)/22/26.10.22 | 18 |
| 2019-20 | കെ.എസ്.എ.- കെ.ടി.എം.പി12-1741(2)/22/26.10.22 | 15 |
| 2020-21 | കെ.എസ്.എ.- കെ.ടി.എം.പി12-1741(3)/22/27.10.22 | 15 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്